**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

# MCCL ദിനം

ഫെബ്രുവരി 11 ഞായർ 2024

## (മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ്)
## വിശ്വാസപരിശീലനത്തിന് വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, മാതാപിതാക്കളേ, യേശുവിൽ പ്രിയ കുഞ്ഞുങ്ങളേ,

2024 ഫെബ്രുവരി 11 ഞായറാഴ്ച, മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ, മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ് (MCCL) ദിനമായി ആച രിക്കുകയാണ്. നമ്മുടെ സഭയിൽ 2010 സെപ്റ്റംബർ 20 ന് സഭയുടെ തല വനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോ ലിക്കാ ബാവായുടെ കല്പനയാൽ ഔദ്യോഗികമായി രൂപം കൊണ്ടതാണ് കുട്ടികളുടെ സംഘടനയായ MCCL.

ദൈവഭക്തിയാണ് ബലിഷ്ഠമായ ആശ്രയം, സന്താനങ്ങൾക്ക് അത് അഭയസ്ഥാനമായിരിക്കുകയും ചെയ്യും (സുഭാ 14:26) എന്ന് തിരുവചനം നമ്മെ ഉദ്ബോധിപ്പിക്കുന്നു. മതബോധനം വിശ്വാസത്തിന്റെ ആദ്യപടി യാണ്. ദൈവത്തിൽ ഭക്തിപൂർവ്വം ആശ്രയിക്കാനും തലമുറകൾക്ക് വിശ്വാസം പകർന്ന് നൽകുവാനും മതബോധനം സഹായിക്കുന്നു. വിശ്വാസ പരിശീലനം സഭയുടെ പരമപ്രധാനമായ ദൗത്യമാണ്. കുട്ടികളെ വിശ്വാ സത്തിൽ വളർത്തി, ക്രിസ്തുവിനെ ആശ്രയിച്ച് ജീവിക്കുവാൻ തിരുസഭ യുടെ ചിട്ടയായ വിശ്വാസ പരിശീലനത്തിലൂടെ നാം ശ്രമിക്കുന്നു. ഈശോയെ വ്യക്തിപരമായി അറിയുവാനും, ജീവിക്കുവാനും പകർന്ന് നൽകുവാനും കുഞ്ഞുങ്ങളെ സഹായിക്കുവാനും, അവരെ വിശ്വാസത്തിലും

സന്മാർഗ്ഗത്തിലും ആഴമുള്ളവരാക്കുവാനും വിശ്വാസപരിശീലന ക്ലാസ്സുകൾ വഴി തിരുസഭ ലക്ഷ്യം വയ്ക്കുന്നു. കൗദാശികമായ അറിവ് നേടുന്നതിനോടൊപ്പം സാമൂഹീക ജീവിതത്തിൽ എപ്രകാരം ഒരു ക്രൈസ്തവൻ ജീവിക്കണം എന്ന് പഠിക്കുന്ന വേദികൂടിയാണ് വശ്വാസ പരിശീലനം. മതബോധനം ഇത്തരുണത്തിൽ സഭയുടെ അവകാശവും ചുമതലയുമാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭ മതബോധനത്തെ ഗൗരവമേറിയ അടിസ്ഥാന ശുശ്രൂഷയായിട്ടാണ് നിർവഹിക്കുന്നത്. ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവ് മതബോധനത്തെ 'സത്യവിശ്വാസത്തിന്റെ മുലപ്പാൽ' എന്നാണ് വിശേഷിപ്പിച്ചത്. സത്യവിശ്വാസം കലർപ്പില്ലാതെ നൽകുക എന്നത് തിരുസഭയുടെ പരമപ്രധാനമായ ദൗത്യമാണെന്ന് വന്ദ്യ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. ക്രമീകൃതമായ മതബോധന ക്ലാസുകളിലൂടെ മലങ്കര സുറിയാനി കത്തോലിക്കാ സഭ ഈ ദൗത്യം കൃത്യമായി നിർവഹിക്കുവാൻ ശ്രമിക്കുന്നു. ഇതിനായി വിവിധങ്ങളായ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. ചിട്ടയായ മതബോധന ക്ലാസുകളോടൊപ്പം സമഗ്രമായ വിശ്വാസ വളർച്ചയുടെ മറ്റു മാനങ്ങൾ ശ്രദ്ധിക്കുന്നത് സഭയിലെ MCCL പ്രസ്ഥാനമാണ്. ആകർഷകമായ ക്ലാസുകളിലൂടെ, അനുഭവത്തിലൂടെ, വിശ്വാസ തീക്ഷ്ണതയുള്ള മതാധ്യപകരിലൂടെ, വിവിധങ്ങളായ പഠന ഉപകരണങ്ങളിലൂടെ ദൈവത്തെ കുട്ടികൾക്ക് പകർന്ന് നൽകുന്നു. വിശ്വാസ പരിശീലനം ഒരു വ്യക്തിയുടെ ജീവിതത്തിന്റെ വളർച്ചയുടെ എല്ലാ തലങ്ങളെയും സ്പർശിക്കേണ്ടതാണ്, സ്വാധീനിക്കേണ്ടതാണ്. ഓരോ കുട്ടിയുടെയും വ്യത്യസ്തങ്ങളായ കഴിവുകൾ കണ്ടെത്തുവാനും അത് പരിപോഷിപ്പിക്കുവാനും MCCL പ്രസ്ഥാനം ശ്രദ്ധിക്കുന്നു. ചുരുക്കത്തിൽ കുട്ടികൾക്ക് ദൈവത്തെ പകർന്നു നൽകുന്ന വിശുദ്ധ കർമ്മമാണ് MCCL നിർവഹിക്കുന്നത്.

ഒരു നാണയത്തിന്റെ ഇരുവശം എന്ന രീതിയിലാണല്ലോ നമ്മുടെ സഭയിൽ സൺഡേസ്കൂൾ പ്രസ്ഥാനവും MCCL സംഘടനയും പ്രവർത്തിക്കുന്നത്. വിശ്വാസ പരിശീലനം സത്യവിശ്വാസത്തിന്റെ ബൗദ്ധീക തലം പഠിപ്പിക്കുമ്പോൾ, MCCL പ്രായോഗിക വശം നമ്മുടെ കുട്ടികളെ പരിചയപ്പെടുത്തുന്നു. ഇവ രണ്ടും ചേർന്നുള്ള പരിശീലനം കുട്ടികളെ അവരുടെ സമഗ്രമായ വളർച്ചയ്ക്ക് സഹായിക്കുന്നു. വിവിധങ്ങളായ കർമ്മ പരിപാടികളിലൂടെ MCCL അംഗങ്ങൾ മതബോധനത്തിന്റെ പ്രായോഗിക വശം പരിശീലിക്കുന്നു. ഓരോ ഭദ്രാസനവും MCCL പ്രസ്ഥാനത്തിലൂടെ കുട്ടികളുടെ വളർച്ചയ്ക്ക് വേണ്ടി നിർവഹിക്കുന്ന ശുശ്രൂഷകളെ ഓർത്ത് ഈ അവസരത്തിൽ സഭയുടെ നാമത്തിൽ നന്ദി രേഖപ്പെ

ടുത്തുന്നു. നമ്മുടെ കുട്ടികളുടെ വളർച്ചക്കായി വിവിധങ്ങളായ കർമ്മ പദ്ധതികളിലൂടെ MCCL പ്രവർത്തനങ്ങൾ നമുക്ക് കൂടുതൽ ശക്തിപ്പെടുത്താം,

മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യ ശതാബ്ദിയിലേക്ക് പ്രവേശിക്കുമ്പോൾ നമ്മുടെ വിശ്വാസ പരിശീലന ശുശ്രൂഷയും MCCL പ്രസ്ഥാനവും ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവ് വിഭാവനം ചെയ്ത കൃപയിലേക്ക് വളരണം. വിശ്വാസ പരിശീലനം പ്രഥമമായി കുടുംബങ്ങളിൽ നൽകേണ്ടതിന്റെ ആവശ്യകത ഇന്ന് കൂടിവരുന്നു. കുടുംബങ്ങൾ കുട്ടികൾക്ക് യഥാർത്ഥത്തിൽ ഗാർഹീക സഭയായി തീരണം. കുട്ടികളുടെ വിശ്വാസ പരിശീലനത്തിനും, MCCL പ്രസ്ഥാനത്തിനും മാതാപിതാക്കൾ വർദ്ധമാനമായ പ്രാധാന്യം നൽകേണ്ട സമയമാണ്. മാതാപിതാക്കൾ എല്ലാവരും കുട്ടികളെ വിശ്വാസ പരിശീലന ക്ലാസുകളിലും, MCCL പ്രവർത്തനങ്ങളിലും പങ്കെടുപ്പിക്കുന്നതിൽ കൂടുതൽ നിഷ്കർഷയുള്ളവരാകണം. യഥാസമയത്ത് വിത്ത് വിതയ്ക്കാത്തിടത്തുനിന്ന് സൽഫലങ്ങൾ കൊയ്യാനാഗ്രഹിക്കുന്നവരായിട്ടാണ് മതബോധനത്തെ ഗൗരവമായി ശ്രദ്ധിക്കാത്താവരെ ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവ് ഉപമിച്ചിരിക്കുന്നത്. ആയതിനാൽ പ്രിയ മാതാപിതാക്കളെ, നമ്മുടെ മക്കളുടെ മതബോധനത്തെയും MCCL പ്രസ്ഥാനത്തെയും കൂടുതൽ ഗൗരവമായി കാണുവാനും കുടുംബത്തെ ഗാർഹിക സഭയായി സംരക്ഷിക്കുവാനും നമുക്ക് ഒന്നു ചേർന്ന് പരിശ്രമിക്കാം.

വിശ്വാസം വരും തലമുറയ്ക്ക് പകർന്നു കൊടുക്കുന്നതിലെ സുപ്രധാനമായ ഒരു കണ്ണിയാണ് മതാധ്യാപകർ. ഇടവക തലത്തിൽ ഒരു വിശ്വാസിക്ക് ചെയ്യുവാൻ കഴിയുന്ന ഏറ്റവും മഹത്തായ ഒരു പ്രേഷിത ശുശ്രൂഷയാണ് വിശ്വാസ പരിശീലനം. പാഠപുസ്തകങ്ങളോടൊപ്പം വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ ദൈവീക സ്മരണ ഉണർത്തുകയും അത് അവരിൽ എന്നും നിലനിർത്തുകയും ചെയ്യുന്നതിന് നിർണ്ണായക പങ്കു വഹിക്കുന്നവരാണ് വിശ്വാസ പരിശീലകർ. രക്ഷാകര ചരിത്രം അതിന്റെ പൂർണ്ണതയിൽ ഇളം തലമുറയ്ക്ക് മനസ്സിലാക്കി കൊടുക്കുന്ന ശുശ്രൂഷകരാണ് മതാധ്യപകർ. മതാധ്യപകർ MCCL പ്രസ്ഥാനത്തിന് നൽകുന്ന വിലയേറിയ ശുശ്രൂഷയെ ഈ അവസരത്തിൽ അഭിനന്ദിക്കുകയും സഭയുടെ നാമത്തിൽ നന്ദി അറിയിക്കുകയും ചെയ്യുന്നു. ദൈവം നമ്മെ ഏൽപ്പിച്ച മക്കളെ യേശുവിനെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർത്തിയെടുക്കാം. ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്

പിതാവ് മതാധ്യാപകരെ സ്നേഹത്തോടെ വിളിച്ചത് 'കൂട്ടുവേലക്കാർ' എന്നാണ്. വിശ്വാസം പകർന്നു കൊടുക്കുവാൻ ഒരേ കടമയുള്ളവർ എന്ന നിലയിൽ അപ്രകാരം ആഴമായും ശ്രേഷ്ഠമായും ഈ ശുശ്രൂഷ നമുക്ക് ഒരുമിച്ച് നിർവഹിക്കാം.

2024 ഫെബ്രുവരി 11 MCCL ദിനം സമുചിതമായി എല്ലാ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും അതിഭദ്രാസന, ഭദ്രാസന ഡയറക്ടർമാരുടെയും, ഇടവക വികാരിമാരുടെയും നിർദ്ദേശങ്ങൾ അനുസരിച്ച് ആഘോഷിക്കണം എന്ന് ഈ അവസരത്തിൽ അറിയിക്കട്ടെ. സൺഡേസ്കൂൾ പ്രധാന അധ്യാപകർ, അധ്യാപകർ, മാതാപിതാക്കൾ എന്നിവരുടെ കൂട്ടായ പരിശ്രമം MCCL സംഘടനയുടെ ഫലപ്രദമായ നടത്തിപ്പിന് അനിവാര്യമാണ്. 2024 ഫെബ്രുവരി 11-ന് MCCL ദിനം ആഘോഷിക്കുമ്പോൾ ഈ പ്രസ്ഥാനത്തിന്റെ പ്രസക്തി വിശ്വാസ സമൂഹത്തെ, പ്രത്യേകിച്ച് കുട്ടികളെയും മാതാപിതാക്കളെയും ബോദ്ധ്യപ്പെടുത്തുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. വി. കുമ്പസാരം, വി. കുർബാനയിലെ സമർപ്പണം, സമ്മേളനം, പൊതുപഠനവേദികൾ കുട്ടികളുടെ വിവിധ കലാപരിപാടികൾ തുടങ്ങിയവ അന്നേ ദിവസം ക്രമീകരിക്കാവുന്നതാണ്. എല്ലാവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹായവും സഹകരണവും സ്നേഹപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,



**✠ തോമസ് മാർ യൗസേബിയോസ് മെത്രാപ്പൊലീത്താ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
പാറശാല ഭദ്രാസനാദ്ധ്യക്ഷൻ.

07.02.2024
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

N.B. ഈ സർക്കുലർ 2024 ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ, നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.